**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6564** **11-07-2024 - ൽ മറുപടിയ്ക്ക്**

**അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാത വികസനത്തിന്റെ ഭാഗമായി നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | **കേരളത്തിൽ NH 66, NH 85 എന്നീ ദേശീയപാതകളുടെ പ്രവൃത്തികളാണ് പ്രധാനമായും നടക്കുന്നത്. ഇവ ദേശീയപാതാ അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ദേശീയപാത അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ സ്ഥിരമായി ഇടപെടാനും വിലയിരുത്തൽ നടത്താനും ജില്ലാഭരണ കൂടങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത മേഖലയിൽ മേല്പറഞ്ഞ കാലയളവിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും പ്രവൃത്തികൾ നടന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. NH-66, NH-85 പ്രവൃത്തികൾ ഏകോപിപ്പിക്കുന്നത് ദേശീയപാതാ അതോറിറ്റി വഴിയാണ്. |

സെക്ഷൻ ഓഫീസർ